# ഓശാന ഞായർ

മിശിഹായുടെ രാജത്വത്തെയും കർത്തൃത്വത്തെയും അനുസ്മരിപ്പിക്കുന്ന തിരുനാളാണ് ഇത്. ഓശാനേ എന്ന വാക്ക് മിശിഹായുടെ രക്ഷയെയും ഒപ്പം കുരുത്തോലയെയും അർത്ഥമാക്കുന്ന ഒന്നാണ്. ഓറശ്ലെം ലിറ്റർജിയിൽനിന്നും സ്വീകരിച്ച പ്രദക്ഷിണവും ദൈവാലയപ്രവേശനവും ഇന്ന് എല്ലാ സഭകളിലുമുണ്ട്. ദൈവാലയം മുട്ടിത്തുറക്കുന്ന കർമ്മം പാശ്ചാത്യസഭയിൽ രൂപംകൊണ്ടതാണ്. ചില സന്ന്യാസഭവനങ്ങളിൽ ആരംഭിച്ച ഈ കർമ്മത്തെ മിശിഹാ പാതാളവാതിലുകൾ മുട്ടിത്തുറന്നതിന്റെ പ്രതീകമായി വ്യാഖ്യനിച്ചിരുന്നു. 1955 - ലെ ആരാധനക്രമപരിഷ്കരണത്തിൽ റോമാസഭ ഈ കർമ്മം ഉപേക്ഷിച്ചു. അന്ത്യോക്യൻ ക്രമത്തിൽ നോമ്പാരംഭ രാത്രിജപത്തോടനുബന്ധിച്ച് മദ്ബഹാവിരി മുട്ടിത്തുറക്കുന്ന കർമ്മം കാണുന്നുണ്ട്. ഒരുങ്ങിനിന്ന കന്യകമാർ മണവാളനോടൊത്ത് അകത്തു പ്രവേശിച്ചതിനെയും (മത്താ 25) അല്ലാത്തവർ കർത്താവേ, തുറന്നു തരണമേ എന്ന് അപേക്ഷിച്ചതിനെയും (മത്താ 25) ഇത് അനുസ്മരിപ്പിക്കുന്നു. വാതില്ക്കൽ മുട്ടുന്ന കർത്താവിനെ ഹൃദയകവാടം തുറന്നു സ്വീകരിക്കാനും (വെളി 4:20) മിശിഹായെ രാജാവും രക്ഷകനുമായി ഏറ്റുപറയാനും ഈ ദിവസം തിരുസഭാമാതാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. ഇന്നേദിവസം ആശീർവദിച്ചു നല്കുന്ന കുരുത്തോലകൾ നാം മിശിഹായെ രക്ഷകനായി സ്വീകരിച്ചവരും എവിടെയും അതു പ്രഘോഷിക്കുന്നവരുമാണെന്ന് സൂചിപ്പിക്കുന്നു. മിശിഹായുടെ ബലിയെയും അതു നല്കുന്ന രക്ഷയെയും സവിസ്തരം പ്രഘോഷിക്കുന്ന രണ്ടാമത്തെ അനാഫൊറയാണ് (മാർ തിയഡോറിന്റെ അനാഫൊറ) ഈ ദിവസം പരി. കുർബാനയിൽ ഉപയോഗിച്ചിരുന്നത്.

## നിർദ്ദേശങ്ങൾ

1. ആരാധനാവത്സരത്തിലെ ഏറ്റവും തീക്ഷ്ണമായ പ്രാർത്ഥനാദിനങ്ങളായ ഓശാനഞായറിലും പെസഹാ ത്രിദിനങ്ങളിലും ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ പ്രകാശനമെന്ന നിലയിൽ ഇടവകദേവാലയത്തിലെ തിരുക്കർമ്മങ്ങളിൽത്തന്നെ കഴിവതും പങ്കുചേരാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. അനുവാദമുള്ള സ്ഥലങ്ങളിലല്ലാതെ മഠങ്ങളിലോ ധ്യാനകേന്ദ്രങ്ങളിലോ ഈ ദിവസങ്ങളിൽ തിരുക്കർമ്മങ്ങൾ നടത്തരുത്.
2. ഓറശ്ലേമിലും പരിസരപ്രദേശങ്ങളിലും നടന്ന കർമ്മങ്ങൾ (stational liturgy) അനുസ്മരിപ്പിക്കുന്ന ഓശാനയുടെ പ്രാരംഭതിരുക്കർമ്മങ്ങളും കുരുത്തോല വെഞ്ചരിപ്പും ദേവാലയത്തിനുവെളിയിൽ ക്രമീകരിക്കുന്നതാണ് ഉചിതം.
3. സപ്രായോടു ചേർന്നുള്ള തിരുക്കർമ്മങ്ങളാകയാൽ സപ്രായുടെ ഭാഗമായ സങ്കീർത്തനങ്ങൾ ഉപേക്ഷിക്കാൻ പാടില്ല.
4. നമ്മുടെ സഭയിൽ പെസഹാ അപ്പത്തിനും നോമ്പാരംഭശുശ്രൂഷയിലെ ചാരം പൂശലിനും ഉപയോഗിക്കുകയും പൂജ്യമായി സൂക്ഷിക്കുകയും ചെയ്യുന്ന കുരുത്തോല, ആശീർവദിച്ചതിനുശേഷം വിതരണം ചെയ്യുന്നതാണ് ഉചിതം.
5. വചന ശുശ്രൂഷയ്ക്ക് വി. ഗ്രന്ഥത്തിൽനിന്ന് നേരിട്ട് വായനകൾ നടത്തേണ്ടതാണ്.

## പ്രാരംഭഗീതം

(രീതി: യാദാ ഹൂശാവേ...)

ഓർശ്ലംനഗരത്തിൻ
വാതിൽ തുറക്കുന്നു.
ഒലിവിൻശിഖരങ്ങൾ
കൈകളിലുയരുന്നു
ഓശാനകളാൽ വഴിയെല്ലാം
മുഖരിതമാകുന്നു.

രാജമഹേശ്വരനാം
മിശിഹായണയുന്നു.
കഴുതക്കുട്ടിയതാ
വാഹനമാകുന്നു
തെരുവോരങ്ങളിൽ ജയ്‌വിളികൾ
മാറ്റൊലി തീർക്കുന്നു.

വാനവരോടൊപ്പം
പാടാം ഓശാന
വിനയാന്വിതരായ് നാം
നാഥനു സ്തുതിപാടാം
സ്വർഗമനോഹരഭവനത്തിൽ
ചേർക്കുക ഞങ്ങളെയും.

പാതകൾതോറും വെൺ
പട്ടുവിരിപ്പുകളും
സൈത്തിൻകൊമ്പുകളും
നിന്നെതിരേല്പിന്നായ്
അന്നുവിരിച്ചതുപോൽ ഹൃദയം
ഞങ്ങൾ വിരിച്ചീടാം.

കാർമ്മി: അന്നാപ്പെസ്സഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

സമൂ. അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

കാർമ്മി. അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതിഗീതം. (3)

സമൂ. ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി. സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂ. സ്വർഗ്ഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ-
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

കാർമ്മി. താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

സമൂ. സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.



സ്വർഗ്ഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

ശുശ്രൂ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. മഹത്ത്വത്തിന്റെ രാജാവായ മിശിഹായേ, വിനീതനായി കഴുതക്കുട്ടിയുടെ പുറത്ത് ജെറുസലെം ദേവാലയത്തിലേക്ക് എഴുന്നള്ളിയ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നീതിമാനും പ്രതാപവാനുമായ രാജാവേ, നിനക്ക് ഓശാന പാടിയ സിയോൻമക്കളുടെ കീർത്തനങ്ങളോടുകൂടി ഞങ്ങളുടെ പ്രാർത്ഥനകളും സ്തുതിഗീതങ്ങളും സ്വീകരിക്കണമേ. ഓശാനപാടി നിന്നെ എതിരേറ്റ ജനങ്ങളെപ്പോലെ സ്തുതിഗീതങ്ങൾ ആലപിച്ചുകൊണ്ട് നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ സഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന് ഈ പെസഹാരഹസ്യങ്ങൾ അനുഷ്ഠിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനം 100

കാർമ്മി. വിനയാന്വിതനായ് ദൈവസുതൻ
ഓർശ്ലേം നഗരം പൂകുകയായ്
ജനനിരയെല്ലാമാഹ്ലാദം
നിറയും മനമോടെതിരേറ്റു.

സമൂ. ഭൂവാസികളേ, വന്നിടുവിൻ
സ്തുതിഗീതങ്ങൾ പാടിടുവിൻ
ഗാനാലാപന നാദങ്ങൾ
ഗഗനം മുഖരിതമാക്കട്ടെ.

തിരുമുറ്റത്തേക്കണയുക നാം
നന്ദിയോടങ്ങയെ വാഴ്ത്തിടുവാൻ
കരുണാമയനാം സകലേശൻ
നിരുപമനെന്നും വിശ്വസ്തൻ.

താതനുമതുപോലാത്മജനും.
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം. വിനയാന്വിതനായ് ...

(അല്ലെങ്കിൽ)

ശുശ്രൂ. ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ!
സന്തോഷപൂർവം അവന് ശുശ്രൂഷ ചെയ്യുവിൻ!
(കാനോന) കർത്താവ് ആഗതനാകുമ്പോൾ
നീതിമാൻമാർ മഹത്ത്വമണിഞ്ഞ്
എതിരേൽപിനായി അണയുന്നു;
മേഘനിരകളിലേക്കു പറന്നുയരുന്നു.

(സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

കീർത്തനമാലപിച്ചുകൊണ്ട് തിരുമുമ്പിൽ പ്രവേശിക്കുവിൻ;
അവനാണ് നമ്മുടെ ദൈവവും കർത്താവുമെന്ന് അറിയുവിൻ.

നാമല്ല അവനാണ് നമ്മെ സൃഷ്ടിച്ചത്
നാം അവന്റെ ജനവും / മേച്ചിൽ സ്ഥലത്തെ അജഗണവുമാകുന്നു.

സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവന്റെ വാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങളാലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

അവനു നന്ദി പറയുവിൻ;
തിരുനാമം വാഴ്ത്തി പുകഴ്ത്തുവിൻ.

എന്തെന്നാൽ കർത്താവ് നല്ലവനാകുന്നു; / അവന്റെ കൃപ ശാശ്വതമാകുന്നു;/ വിശ്വസ്തത തലമുറകളോളം നീളുന്നു.

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂ. ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ!
സന്തോഷപൂർവം അവനു ശുശ്രൂഷ ചെയ്യുവിൻ!
നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. കർത്താവായ ദൈവമേ, അങ്ങയുടെ സൃഷ്ടികളായ സർവചരാചരങ്ങളും അങ്ങേക്കു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, ലോകത്തെയും എല്ലാ സൃഷ്ടവസ്തുക്കളെയും കാരുണ്യത്താലും നന്മയാലും പ്രശോഭിപ്പിക്കുന്ന സത്യപ്രകാശം അങ്ങുമാത്രമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനം 91 (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

ശുശ്രൂ. അത്യുന്നതന്റെ സംരക്ഷണത്തിലും / ദൈവത്തിന്റെ തണലിലും വസിക്കുന്നവൻ / അനുഗൃഹീതനാകുന്നു.
(കാനോന) ദൈവം പ്രകാശം സൃഷ്ടിച്ചപ്പോൾ മാലാഖമാർ



അത്ഭുതപ്പെട്ടു./ ഓരോ പ്രഭാതത്തിലും പ്രകാശമുദിക്കുമ്പോൾ/നാം അവരോടൊപ്പം ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.

അത്യുന്നതന്റെ സംരക്ഷണത്തിലും / ദൈവത്തിന്റെ തണലിലും വസിക്കുന്നവൻ / അനുഗൃഹീതനാകുന്നു.

"നീയാണ് എന്റെ ശരണവും സങ്കേതവും
ഞാൻ ആശ്രയിക്കുന്ന ദൈവവു"മെന്ന്
കർത്താവിനോടു പറയുക.

ഇടർച്ചയുടെ കുരുക്കിൽ നിന്നും / വ്യർത്ഥമായ സംഭാഷണത്തിൽ നിന്നും / അവിടുന്നു നിന്നെ സംരക്ഷിക്കും.

തന്റെ തൂവലുകൾക്കിടയിൽ
അവൻ നിന്നെ മറച്ചുകൊള്ളും.

തന്റെ ചിറകുകളുടെ കീഴിൽ അഭയം നല്കും.
തന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

രാത്രിയുടെ ഭീകരതയും
പകൽ പറക്കുന്ന അസ്ത്രവും നീ ഭയപ്പെടേണ്ട.

ഇരുളിൽ ചരിക്കുന്ന വചനവും
മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും നീ ഭയപ്പെടേണ്ട.

ആയിരങ്ങൾ നിന്റെ പാർശ്വത്തിൽ നിപതിക്കും;
പതിനായിരങ്ങൾ വലതുവശത്തു വീഴും.
എങ്കിലും അവരാരും നിന്നെ സമീപിക്കുകയില്ല;

നീ സ്വന്തം കണ്ണുകൊണ്ട്
ദുഷ്ടർക്കുള്ള പ്രതിഫലം കാണും.

"കർത്താവേ, നീയാണ് എന്റെ സങ്കേതം;"
നിന്റെവാസസ്ഥലം ഉന്നതങ്ങളിൽ ഉറപ്പിച്ചിരിക്കുന്നു.

തിന്മ നിന്റെ അരികിലെത്തുകയില്ല;
ബാധകൾ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

നിന്റെ വഴികളിൽ നിന്നെ കാത്തുകൊള്ളുവാൻ
അവൻ തന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ പാദം ഇടറാതിരിക്കുവാൻ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തെയും അണലിയെയും നീ കീഴ്പ്പെടുത്തും
സിംഹത്തെയും പെരുമ്പാമ്പിനെയും നീ ചവിട്ടുമെതിക്കും.

എന്നോടു പ്രാർത്ഥിച്ചതുകൊണ്ട് / ഞാൻ അവനെ രക്ഷിക്കുകയും/ ശക്തിപ്പെടുത്തുകയും ചെയ്യും.

എന്റെ നാമം അറിഞ്ഞതുകൊണ്ട് / അവൻ എന്നെ
വിളിച്ചപേക്ഷിക്കും; / ഞാൻ അവന് ഉത്തരമരുളും.

ഞെരുക്കത്തിന്റെ കാലത്ത്/ഞാൻ അവനോടൊത്തുണ്ടായിരിക്കും.

ഞാൻ അവനെ ശക്തിപ്പെടുത്തും;
അവനു ഞാൻ ബഹുമാനമേകും.

ദീർഘായുസ്സേകി ഞാൻ അവനെ തൃപ്തനാക്കും;
എന്റെ രക്ഷ അവനെ കാണിക്കുകയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ.** ദൈവം പ്രകാശം സൃഷ്ടിച്ചപ്പോൾ/അരൂപികൾ അവിടുത്തെ സ്തുതിച്ചു./ പ്രകാശം സൃഷ്ടിച്ചവൻതന്നെ/ തങ്ങളെയും സൃഷ്ടിച്ചുവെന്ന് / അവർ അറിഞ്ഞു. / അത്യുന്നതന്റെ സംരക്ഷണത്തിലും / ദൈവത്തിന്റെ തണലിലും വസിക്കുന്നവൻ / അനുഗൃഹീതനാകുന്നു. / മാലാഖമാർ അങ്ങയെ മഹത്ത്വപ്പെടുത്തുകയും / മനുഷ്യർ അങ്ങയെ സ്തുതിക്കുകയും ചെയ്യുന്നു./ അവരെല്ലാവരും ഒന്നുചേർന്ന്, "നിന്റെ ഓറശ്ലേം പ്രവേശനം / അനുഗൃഹീതമാകുന്നു"വെന്ന് ഉദ്ഘോഷിക്കുന്നു./ നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുകയും സ്തുത്യർഹമായ അങ്ങയുടെ തിരുനാമം ഏറ്റുപറയുകയും ചെയ്യുന്നു. ഞങ്ങൾ അഭയംതേടുന്ന അങ്ങയുടെ പരിപാലന ഉന്നതവും മഹനീയവുമാകുന്നു. അങ്ങയിൽ പ്രത്യാശവയ്ക്കുകയും അങ്ങയെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർ ഒരിക്കലും നിരാശരാവുകയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**സങ്കീർത്തനം 104 (ഐച്ഛികം)** (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

**ശുശ്രൂ.** എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക!
എന്റെ ദൈവമായ കർത്താവേ, നീ മഹോന്നതനാകുന്നു.
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക!
എന്റെ ദൈവമായ കർത്താവേ, നീ മഹോന്നതനാകുന്നു.

നീ പ്രഭയും മഹത്ത്വവും അണിഞ്ഞിരിക്കുന്നു;
പ്രകാശം മേലങ്കിയായി ധരിച്ചിരിക്കുന്നു.

കൂടാരം പോലെ നീ ആകാശം വിരിച്ചിരിക്കുന്നു;
ജലത്തിൽ തന്റെ വാസസ്ഥലം നിർമ്മിച്ചിരിക്കുന്നു.

മേഘങ്ങളിൽ അവൻ രഥം സ്ഥാപിച്ചിരിക്കുന്നു;
കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നു.

നീ ദൂതരെ അരൂപികളായും
ശുശ്രൂഷകരെ എരിയുന്ന തീയായും സൃഷ്ടിച്ചിരിക്കുന്നു.

ഒരിക്കലും ഇളകാത്തവിധം
ഭൂമിയെ അടിത്തറയിലുറപ്പിച്ചു.

ആഴത്തെ മേലങ്കികൊണ്ടെന്നപോലെ നീ മറച്ചു;
ജലം പർവതങ്ങൾക്കുമേൽ നിന്നു.



നീ ശാസിക്കുമ്പോൾ അതു പലായനം ചെയ്യുന്നു;
നിന്റെ ഇടിനാദത്തിൽ പരിഭ്രമിക്കുന്നു.

നീ നിശ്ചയിക്കുന്ന സ്ഥാനത്ത്
മലകൾ ഉയരുകയും, താഴ്വരകൾ താഴുകയും ചെയ്തു.

അതിക്രമിച്ചുകയറി ഭൂമിയെ മൂടാതിരിക്കുവാൻ
നീ ജലത്തിന് അതിർത്തി വച്ചു.

ഉറവകളെ താഴ്വരകളിലേക്ക് ഒഴുക്കി;
അവ മലയിടുക്കിലൂടെ ഒഴുകിപ്പോകുന്നു.

വനത്തിലെ മൃഗങ്ങളെയെല്ലാം കുടിപ്പിക്കുന്നു;
കാട്ടുകഴുതകൾ ദാഹം തീർക്കുന്നു.

ആകാശപ്പറവകൾ അവയ്ക്കരികേ ചേക്കേറുന്നു.
മലകൾക്കിടയിൽനിന്ന് പാട്ടുപാടുന്നു.

തന്റെ വാസസ്ഥലത്തുനിന്ന് അവൻ മലകളെ നനയ്ക്കുന്നു.
തന്റെ പ്രവൃത്തികളുടെ ഫലങ്ങളാൽ
ഭൂമിയെ സംതൃപ്തയാക്കുന്നു.

ആടുമാടുകൾക്കായി അവൻ പുല്ലു മുളപ്പിക്കുന്നു;
മനുഷ്യന് ആഹാരത്തിനായി സസ്യങ്ങൾ കിളിർപ്പിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ.** എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക!
എന്റെ ദൈവമായ കർത്താവേ, നീ മഹോന്നതനാകുന്നു.
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.

**സങ്കീർത്തനം 113** (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

**ശുശ്രൂ.** കർത്താവിന്റെ ദാസരേ, അവനെ സ്തുതിക്കുവിൻ
തിരുനാമം പ്രകീർത്തിക്കുവിൻ.
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു;
എന്തുകൊണ്ടെന്നാൽ, അങ്ങാകുന്നു പ്രകാശത്തിന്റെ സ്രഷ്ടാവ്.

കർത്താവിന്റെ ദാസരേ, അവനെ സ്തുതിക്കുവിൻ
തിരുനാമം പ്രകീർത്തിക്കുവിൻ.

നിന്റെ ശക്തിയിൽ സ്വർഗത്തിലും ഭൂമിയിലും നീ വിശ്രുതനാകുന്നു.
ദിവ്യമഹത്ത്വത്താൽ നീ സേവകരെ ദീപ്തരാക്കി.

കർത്താവിന്റെ നാമം അനാദിമുതൽ
എന്നേക്കും വാഴ്ത്തപ്പെടട്ടെ.

സൂര്യോദയം മുതൽ അസ്തമയം വരെ
കർത്താവിന്റെ നാമം മഹനീയമാകുന്നു.

കർത്താവ് സർവ ജനതകളിലും ഉന്നതനാകുന്നു;
അവന്റെ മഹിമ ആകാശങ്ങൾക്ക് അതീതമാകുന്നു.

നമ്മുടെ ദൈവമായ കർത്താവിനു തുല്യനായി ആരുണ്ട്?
അവൻ ഉന്നതത്തിലിരുന്ന് ആഴവും ആകാശവും ഭൂമിയും കാണുന്നു.

ജനപ്രമാണികളോടൊപ്പം ഇരുത്തുവാനായി
നിർധനനെ കുപ്പക്കുഴിയിൽ നിന്നുയർത്തുന്നു.

വന്ധ്യയെ സന്താനമതിയാക്കുകയും
സന്തുഷ്ടയാക്കി വീട്ടിൽ പാർപ്പിക്കുകയും ചെയ്യുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ.** കർത്താവിന്റെ ദാസരേ, അവനെ സ്തുതിക്കുവിൻ
തിരുനാമം പ്രകീർത്തിക്കുവിൻ.
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു;
എന്തുകൊണ്ടെന്നാൽ, അങ്ങാകുന്നു പ്രകാശത്തിന്റെ സ്രഷ്ടാവ്.
നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** കർത്താവേ, അനന്തജ്ഞാനത്താൽ രാത്രിയെയും പകലിനെയും സൃഷ്ടിച്ചവനും സൂര്യചന്ദ്രന്മാർവഴി സൃഷ്ടിയെ പ്രകാശിപ്പിക്കുന്നവനും അങ്ങുമാത്രമാകുന്നു. രാപകൽ പ്രകാശിക്കുന്ന ജ്യോതിർഗോളങ്ങൾ അങ്ങയുടെ കരവേലയാകുന്നു. സ്തുതിക്കും കൃതജ്ഞതയ്ക്കും അർഹനായ അങ്ങല്ലാതെ മറ്റൊരു ദൈവമില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**സങ്കീർത്തനം 93** (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

**ശുശ്രൂ.** കർത്താവ് ഭരണം നടത്തുന്നു;/ അവൻ പ്രതാപമണിഞ്ഞിരിക്കുന്നു; / ശക്തിധരിച്ച് അവൻ പ്രബലനായിരിക്കുന്നു.
(കാനോന) നിത്യനായ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു.

കർത്താവ് ഭരണം നടത്തുന്നു; / അവൻ പ്രതാപമണിഞ്ഞിരിക്കുന്നു;
ശക്തിധരിച്ച് അവൻ പ്രബലനായിരിക്കുന്നു.

അവൻ പ്രപഞ്ചം ഉറപ്പിച്ചു നിർത്തി;
അതിന് ഇളക്കമുണ്ടാവുകയില്ല.

അവന്റെ സിംഹാസനം ആദിമുതൽ സുസ്ഥിരമായിരിക്കുന്നു;
അവൻ അനാദിമുതലുള്ള ദൈവമാണ്.

കർത്താവേ, പ്രവാഹങ്ങൾ ഉയരുന്നു; / അവ ആരവമുയർത്തുന്നു; / ശുദ്ധമായി പൊങ്ങി ഒഴുകുന്നു.

ജലത്തിന്റെ ആരവത്തെക്കാൾ
കടലിലെ തിരമാലകൾ ശക്തമാണ്.

കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു;
അവന്റെ അനുശാസനങ്ങൾ എത്രയോ വിശ്വസനീയം.



കർത്താവേ, അനന്തമായ ദിനങ്ങളോളം
നിന്റെ ആലയം പരിശുദ്ധമാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ.** കർത്താവ് ഭരണം നടത്തുന്നു;/ അവൻ പ്രതാപമണിഞ്ഞിരിക്കുന്നു; / ശക്തിധരിച്ച് അവൻ പ്രബലനായിരിക്കുന്നു.
(കാനോന) നിത്യനായ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു.

**സങ്കീർത്തനം 148 (ഐച്ഛികം)** (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

**ശുശ്രൂ.** അംബരവീഥിയിൽ കർത്താവിനെ സ്തുതിക്കുവിൻ
ഉന്നതങ്ങളിൽ അവനെ പുകഴ്ത്തുവിൻ.
(കാനോന) സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗം അങ്ങയെ സ്തുതിക്കുന്നു;
എന്തുകൊണ്ടെന്നാൽ, അങ്ങ് അവയ്ക്ക് അസ്തിത്വം നല്കി.

അംബരവീഥിയിൽ കർത്താവിനെ സ്തുതിക്കുവിൻ
ഉന്നതങ്ങളിൽ അവനെ പുകഴ്ത്തുവിൻ.

സകലമാലാഖമാരേ, അവനെ സ്തുതിക്കുവിൻ
ആകാശ വ്യൂഹങ്ങളേ, അവനെ പുകഴ്ത്തുവിൻ.

സൂര്യചന്ദ്രന്മാരേ, അവനെ സ്തുതിക്കുവിൻ
മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേ, അവനെ പുകഴ്ത്തുവിൻ.

ഉന്നതവാനിടമേ, അവനെ സ്തുതിക്കുവിൻ / ആകാശത്തിനു
മേലുള്ള ജലസഞ്ചയമേ / കർത്താവിന്റെ നാമം വാഴ്ത്തുവിൻ.

എന്തെന്നാൽ അവനരുളിച്ചെയ്തു; / അപ്പോൾ അവ ഉണ്ടായി.
അവൻ കല്പിച്ചു;/ അവ സൃഷ്ടിക്കപ്പെട്ടു.

അവയെ എന്നേക്കും സുസ്ഥിരമാക്കി;
അവയ്ക്കു നിയമം നല്കി;/ അതു കടന്നുപോകയില്ല.

ഭൂതലത്തിൽ കർത്താവിനെ സ്തുതിക്കുവിൻ
തിമിംഗലങ്ങളേ, ആഴങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ.

അഗ്നിയും മഞ്ഞും കന്മഴയും മഞ്ഞുകട്ടയും
കർത്താവിനെ സ്തുതിക്കട്ടെ.

വചനത്താൽ ഉണ്ടായ/കാറ്റും കൊടുങ്കാറ്റും കർത്താവിനെ സ്തുതിക്കട്ടെ.

പർവ്വതങ്ങളേ, മലകളേ / ഫലവൃക്ഷങ്ങളേ, ദേവദാരുക്കളേ
കർത്താവിനെ സ്തുതിക്കുവിൻ.

വന്യമൃഗങ്ങളേ, നാല്ക്കാലികളേ,
ഇഴജന്തുക്കളേ, പക്ഷികളേ, പറവകളേ കർത്താവിനെ സ്തുതിക്കുവിൻ.

ഭൗമികരാജാക്കന്മാരേ, സർവജനതകളേ
കർത്താവിനെ സ്തുതിക്കുവിൻ.

പ്രഭുക്കളേ, ന്യായാധിപരേ / കർത്താവിനെ സ്തുതിക്കുവിൻ.

യുവാക്കളും കന്യകമാരും, വൃദ്ധരും ചെറുപ്പക്കാരും
കർത്താവിനെ പുകഴ്ത്തട്ടെ.

തിരുനാമം മാത്രമാണ് മഹനീയം;
സ്വർഗത്തിലും ഭൂമിയിലും അത് പ്രകീർത്തിക്കപ്പെടുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂ. അംബരവീഥിയിൽ കർത്താവിനെ സ്തുതിക്കുവിൻ
ഉന്നതങ്ങളിൽ അവനെ പുകഴ്ത്തുവിൻ.
(കാനോന) സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗം അങ്ങയെ സ്തുതിക്കുന്നു;
എന്തുകൊണ്ടെന്നാൽ, അങ്ങ് അവയ്ക്ക് അസ്തിത്വം നല്കി.
നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**സങ്കീർത്തനം 150 (ഐച്ഛികം)** (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

ശുശ്രൂ. വിശുദ്ധമന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ
പ്രഭാവമേറിയ ആകാശപ്പരപ്പിൽ അവിടുത്തെ സ്തുതിക്കുവിൻ.
(കാനോന) ദൈവസുതൻ നിങ്ങളെ പവിത്രീകരിക്കുകയും
തന്റെ രാജ്യത്തിലേക്കു നിങ്ങളെ ക്ഷണിക്കുകയും ചെയ്തു.

വിശുദ്ധമന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ
പ്രഭാവമേറിയ ആകാശപ്പരപ്പിൽ അവിടുത്തെ സ്തുതിക്കുവിൻ.

തന്റെ ശക്തിപ്രാഭവത്തിൽ അവനെ സ്തുതിക്കുവിൻ
ഉന്നതമഹിമാവിനെക്കുറിച്ച് അവനെ സ്തുതിക്കുവിൻ.

കാഹളനാദത്താൽ അവനെ സ്തുതിക്കുവിൻ
വീണകളാലും കിന്നരങ്ങളാലും അവനെ സ്തുതിക്കുവിൻ.

ഇമ്പമുള്ള തന്ത്രികളാൽ അവനെ സ്തുതിക്കുവിൻ
നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിക്കുവിൻ.

ആരവത്താലും ആർപ്പുവിളിയാലും അവനെ സ്തുതിക്കുവിൻ
ജീവജാലങ്ങളെല്ലാം കർത്താവിനെ സ്തുതിക്കട്ടെ.

അവരുടെ രാജാക്കന്മാരെ വിലങ്ങുകളാലും
പ്രധാനികളെ ഇരുമ്പുചങ്ങലകളാലും ബന്ധിക്കട്ടെ.

എഴുതപ്പെട്ടിരിക്കുന്ന വിധി അവരുടെമേൽ നടത്തുകയും ചെയ്യട്ടെ.
അവന്റെ നീതിമാന്മാർക്ക് സ്തുതി.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂ. വിശുദ്ധമന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ
പ്രഭാവമേറിയ ആകാശപ്പരപ്പിൽ അവിടുത്തെ സ്തുതിക്കുവിൻ.
(കാനോന) ദൈവസുതൻ നിങ്ങളെ പവിത്രീകരിക്കുകയും
തന്റെ രാജ്യത്തിലേക്കു നിങ്ങളെ ക്ഷണിക്കുകയും ചെയ്തു.
നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**സങ്കീർത്തനം 116** (സമൂഹം രണ്ടുഗണമായി സങ്കീർത്തനം തുടരുന്നു)

ശുശ്രൂ. സകലജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ
ജനപദങ്ങളെ, അവനെ പുകഴ്ത്തുവിൻ.



(കാനോന) പ്രകാശദാതാവായ കർത്താവേ,
അങ്ങേക്കു ഞങ്ങൾ സ്തുതി സമർപ്പിക്കുന്നു.

സകലജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ
ജനപദങ്ങളെ, അവനെ പുകഴ്ത്തുവിൻ.

ഭൂവാസികളേ, കർത്താവിനെ പുകഴ്ത്തുവിൻ.
എന്തെന്നാൽ അവന്റെ കൃപാവരം നമ്മിൽ പ്രബലമാണ്
സത്യമായും കർത്താവ് നിത്യനാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂ. സകലജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ
ജനപദങ്ങളെ, അവനെ പുകഴ്ത്തുവിൻ.
(കാനോന) പ്രകാശദാതാവായ കർത്താവേ,
അങ്ങേക്കു ഞങ്ങൾ സ്തുതി സമർപ്പിക്കുന്നു.
നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. ഞങ്ങളുടെ വംശത്തിന്റെ ആദ്യജാതനും പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, ഞങ്ങളുടെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി നീ ലോകത്തിലുദിക്കുകയും പിതാവിനെ ഞങ്ങൾക്കായി വെളിപ്പെടുത്തുകയും ചെയ്തു. ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റേയും നാഥാ എന്നേക്കും.

സമൂ. ആമ്മേൻ.

## ഓനീസാ ദ് സപ്രാ

(രീതി : സഹദേ വൈത്തോൻ)

ഭൂമി മുഴുവൻ കർത്താവിനെ സ്തുതിക്കുന്നു
എല്ലാ ശ്വാസവുമതുപോലെ
സൃഷ്ടികളഖിലവുമൊരുപോലെ
ആരാധിപ്പൂ തിരുമുമ്പിൽ
രക്ഷാദീപം നീയല്ലോ.

ആനന്ദത്തോടെ കർത്താവിനെ ശുശ്രൂഷിക്കുവിൻ.
എല്ലാ ശ്വാസവുമതുപോലെ
സൃഷ്ടികലഖിലവുമൊരുപോലെ
ആരാധിപ്പൂ തിരുമുമ്പിൽ
രക്ഷാദീപം നീയല്ലോ.

സ്തുതികൾ പാടി അവന്റെ മുമ്പിൽ പ്രവേശിക്കുവിൻ.
ഉച്ചസ്വരത്തിൽ പൈതങ്ങൾ
പാടി വണങ്ങി, 'ഓശാന'
ദാവീദിൻ തിരുഭവനത്തിൽ
വാഴും പാലകനതിധന്യൻ.

അവൻ നമ്മുടെ കർത്താവായ ദൈവമാണെന്നറിയുവിൻ.

ഇന്നു ശിശുക്കൾ നിൻമുമ്പിൽ
വന്നുവണങ്ങി നമിക്കട്ടെ.
ഓശാനകളാലതിമോദം
നിൻസ്തുതിപാടി വണങ്ങട്ടെ.

നാമല്ല, അവൻ തന്നെയാണ് നമ്മെ സൃഷ്ടിച്ചത്.

ക്രൂശിക്കുന്നവരാം സീയോൻ
പുത്രന്മാരും മോദമോടേ
എതിരേല്പിന്നു നിരന്നല്ലോ
പാടിടുവാനായ് 'ഓശാന'.

നാം അവിടുത്തെ ജനവും അവന്റെ ആലയത്തിലെ ആടുകളുമാകുന്നു.

ആഹ്ലാദിക്കുക ബാലകരേ,
അണയുന്നീശോ വീഥികളിൽ
ഓർശ്ലേം നഗരകവാടത്തിൽ.
വന്നിടുമവനെ വാഴ്ത്തിടുവിൻ.

നന്ദിയോടെ അവന്റെ വാതിലുകൾ കടക്കുവിൻ.

ശക്തിവരിച്ചിന്നുച്ചത്തിൽ
പാടുകയായീ പൈതങ്ങൾ
ബലമുള്ളവയായ്ത്തീരട്ടെ.
നമ്മുടെ ഭക്തസമൂഹങ്ങൾ.

അവനു നന്ദി പറയുവിൻ, അവന്റെ നാമം പ്രകീർത്തിക്കുവിൻ.

ഓശാനകളാൽ നൽസ്തുതികൾ
പാടിയ ബാലകനിരയെ നിൻ
കാരുണ്യത്താൽ കാക്കണമേ,
ദിവ്യാനുഗ്രഹമേകണമേ.

കർത്താവു നല്ലവനാകുന്നു, അവന്റെ കാരുണ്യം എന്നും നിലനില്ക്കുന്നു.

എത്ര വിശിഷ്ടം, മഹനീയം
നാഥാ, നീയന്നോർശ്ലേമിൽ
വന്നൊരു നേരം ഹൃദയത്തിൽ
തിങ്ങി വിളങ്ങിയ വിനയഗുണം.

അവന്റെ വിശ്വാസം എല്ലാ തലമുറകൾക്കും.

കാനനമെല്ലാം മലരുകളോ-
ടൊന്നായ് മോദം പുണരട്ടെ,
ബാലകരൊത്തീ ധരയെന്നും
സ്തുതിഗീതങ്ങൾ പാടട്ടെ.

**ശുശ്രൂ.** സർവ്വചരാചരങ്ങളും അങ്ങയെ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിനെയും നവീകരിക്കുന്ന ഉജ്ജ്വല പ്രകാശമാകുന്നു. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.



**കാർമ്മി.** കർത്താവേ, സർവ്വചരാചരങ്ങളും നോക്കിപ്പാർത്തിരിക്കുന്ന ആനന്ദപൂർവകമായ നിന്റെ പ്രത്യാഗമനം കാണാൻ ഞങ്ങൾക്ക് ഇടയാകട്ടെ. നിന്റെ ആവിഷ്കാരത്തിന്റെ മഹനീയപ്രകാശത്തിന് കാരുണ്യപൂർവം ഞങ്ങളെ അർഹരാക്കണമേ. ഈ പ്രകാശത്തിൽ ആനന്ദിക്കുവാനും സ്വർഗീയ ജെറുസലെമിൽ നിന്റെ മക്കളായ നീതിമാന്മാരോടുകൂടി ആഹ്ലാദിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## തെശ്ബൊഹ്ത്ത

ദൈവപിതാവിൻ മടിയിൽനി-
ന്നുദയം ചെയ്തു ദിവ്യസുതൻ
ഇരുളിൽനിന്നു വെളിച്ചത്തിൻ
വഴിയിൽ നമ്മെ നയിച്ചിടുവാൻ.

നരരിൽ ദീപ്തിയുദിക്കുകയാൽ
ഇരുളിൻ യവനിക നീങ്ങുകയായ്
അന്ധതയോലും നയനങ്ങൾ
ബന്ധുരകാന്തിയിൽ മുങ്ങുകയായ്.

തന്റെ മഹത്ത്വം ലോകത്തിൽ
ദൈവകുമാരനുദിപ്പിച്ചു,
ദീപ്തിയുദിക്കേ തകരുകയായ്
പാതാളത്തിൻ വാതിലുകൾ.

ഇരുളലമൂടിയ സൃഷ്ടികളെ-
ക്കതിരണിയിച്ചു തിരുനാഥൻ,
മരണമടഞ്ഞവരൊന്നാകെ
ഉത്ഥിതരായ് സ്തുതിപാടുകയായ്.

രക്ഷയുമേകി, സ്വർഗ്ഗത്തിൽ
ആരോഹിതനായ് വീണ്ടുമവൻ
വരുമീ ധരയിൽ മഹിമയൊടേ
ഉജ്ജ്വലമാകും പ്രഭയോടെ.

എത്തും വലിയ മഹത്ത്വമൊടേ
നമ്മുടെ രാജാ, വതുപോലെ
സ്വർണ്ണവിളക്കു തെളിച്ചീടും
പകരും പൊൻകതിരൊളി നമ്മിൽ.

പാടാം നിസ്തുല മഹിമയ്ക്കായ്
സ്തുതികൾ നിത്യപിതാവിനു നാം
രക്ഷപകർന്നീടുമീശോയേ
വലുതാണങ്ങേ കാരുണ്യം.

ആഗതമാകും തൻസുദിനം
വന്നെതിരേല്ക്കും സിദ്ധന്മാർ
കഷ്ടത പുല്കിയ മാനവരോ
വന്നു വിളക്കു തെളിച്ചീടും.

വാനവരെല്ലാം അണിചേരും
ധന്യതയാർന്നവർ മോദിക്കും
അണിയും രത്നകിരീടങ്ങൾ
നാഥനെ വാഴ്ത്തിപ്പാടീടും.

മഹിമയിലണയും രക്ഷകനാം
നാഥനെ നാമിന്നെതിരേല്ക്കാം.
തന്നുടെ വാനവരാജ്യത്തിൽ
സ്വർഗകിരീടം ചൂടിക്കും.

## മൂന്നു ബാലന്മാരുടെ കീർത്തനം

ശുശ്രൂ. സകലസൃഷ്ടികളേ, കർത്താവിനെ സ്തുതിക്കുവിൻ. സർവ്വ ചരാചരങ്ങളെയും വീണ്ടെടുക്കുവാൻ ദാവീദിന്റെ വംശത്തിൽനിന്നു വന്ന മിശിഹായേ, ശിശുക്കൾ ഒലിവുശാഖകളേന്തി അങ്ങയെ ഓശാന പാടി സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തു. ശിശുക്കളുടെയും യുവാക്കളുടെയും മുതിർന്നവരുടെയും അധരങ്ങളിൽനിന്ന് സ്തുതി പുറപ്പെടുവിച്ചവനും പുറജാതികളുടെ പ്രതീക്ഷയുമായ ദാവീദിന്റെ പുത്രന് ഉന്നതങ്ങളിൽ ഓശാന. സ്തുതികളാൽ അവനെ പ്രകീർത്തിച്ച ശിശുക്കൾക്ക് തന്റെ ശക്തി വെളിപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

(സമൂഹം രണ്ടു ഗണമായി പാടുന്നു)

സർവ്വചരാചരസൃഷ്ടികളേ,
അരിയമനോജ്ഞ നഭസ്തലമേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.

മൃതരെയുയിർപ്പിച്ചർഹതപോൽ
പ്രതിഫലമീശൻ നല്കീടും
മോഹനനിത്യവിഭാതത്തെ
വാനവരൊത്തു വണങ്ങീടാം.

വാനവദൂതജനാവലിയേ,
സൈനികഗണമേ, ജലധികളേ, കർത്താവാം....

മഴയേ, മഞ്ഞേ, താരകളേ,
ചൂടേ, കാറ്റേ, എരിതീയേ, കർത്താവാം....

പനിമതിയേ, നല്പകലോനേ,
രാവേ, പകലേ, ഇരുൾനിരയേ, കർത്താവാം....



മേഘാവലിയേ, കുന്നുകളേ,
ഗിരിനിരയേ, തൃണജാതികളേ, കർത്താവാം....

തെളിനീരേകും തടിനികളേ,
അരുവികളേ, ജലജീവികളേ, കർത്താവാം....

പക്ഷിമൃഗാദികളേ, നരരേ,
ഇസ്രായേലിൻ വംശജരേ, കർത്താവാം....

ധാർമ്മികരേ, വിനയാന്വിതരേ,
നിഷ്കല്മഷരേ, വൈദികരേ, കർത്താവാം....

ദൈവികഭവന നിവാസികളേ,
സഹദാമാരേ, പ്രേഷിതരേ, കർത്താവാം....

മിന്നും മിന്നല്പ്പിണറുകളേ,
ചൂടേ, കുളിരേ, തരുനിരയേ, കർത്താവാം....

ഇസ്രായേലിൻ വത്സരരേ,
ഹന്നനിയായേ, സഖിമാരേ, കർത്താവാം....

താതനുമതുപോലാത്മജനും റൂഹായ്ക്കും സ്തുതിയുയരട്ടെ;
ആദിമുതല്ക്കെന്നതുപോലെ ആമ്മേൻ ആമ്മേനനവരതം.

ശുശ്രൂ. പ്രവാചകന്മാരുടെ സമൂഹം ആനന്ദിക്കട്ടെ. അവർ ഉച്ചത്തിൽ ഓശാനപാടി സ്തുതിക്കട്ടെ. അംറാമിന്റെ പുത്രനായ മോശ ആനന്ദിക്കട്ടെ. എന്തെന്നാൽ, അവൻ ഏതു പ്രവാചകനെക്കുറിച്ചു പ്രവചിച്ചുവോ, അവൻ ആഗതനായിരിക്കുന്നു. യാക്കോബ് സന്തോഷിക്കട്ടെ. എന്തെന്നാൽ, അവൻ ഏതു രാജാവിനെക്കുറിച്ച് 'അവൻ കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ ശിഖരത്തിലും കെട്ടിയിടും' എന്നു പറഞ്ഞുവോ, അവൻ ആഗതനായിരിക്കുന്നു. ജെസ്സെയുടെ പുത്രനായ ദാവീദ് സന്തോഷിക്കട്ടെ. എന്തുകൊണ്ടെന്നാൽ, 'ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽനിന്ന് സ്തുതിയൊരുക്കി' എന്ന അവന്റെ വചനങ്ങൾ പൂർത്തിയായി. സഹോദരരേ, നമുക്കെല്ലാവർക്കും സകലത്തിന്റെയും നാഥനായ ദൈവപുത്രന് ഉച്ചത്തിൽ ഓശാന പാടാം.

നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. സകലത്തിന്റെയും നാഥാ, അദൃശ്യവും അഗ്രാഹ്യവുമായ അങ്ങയുടെ പ്രകൃതിയെയും അങ്ങയുടെ മഹനീയമായ ത്രിത്വത്തിന്റെ അപരിമേയനന്മയെയും ഞങ്ങൾ എപ്പോഴും പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## തെശ്ബോഹ്ത്ത

(രീതി : ഒന്നായ് ഉച്ചസ്വരത്തിലവർ...)

സമൂ. നിതരാം താതനു സ്തുതിഗീതം
അത്യുന്നതമാം സ്വർഗ്ഗത്തിൽ
ശരണം മർത്യനു ധരണിയിലും.
സുതനാം രക്ഷകനുന്നതിയും
ദിവ്യാത്മാവിനു വന്ദനവും
ആരാധിക്കാം വിനയമൊടേ
ഞങ്ങൾ പാടി നമിച്ചീടാം.
പാവനനല്ലോ താതാ, നീ
നിത്യനമർത്യൻ ബലവാനും
സൃഷ്ടികളെല്ലാമൊരുപോലെ
വാഴ്ത്തിനമിച്ചു പുകഴ്ത്തുന്നു.

സമൂ. കൃപനീ തൂകണമെന്നാളും
പാപികളാകും മാനവരിൽ
നിത്യപിതാവിൻ പ്രിയസൂനോ
മർത്യനു രക്ഷ പകർന്നു നീ;
ശോകയുഗങ്ങൾ നീക്കുന്നു.
ദൈവികസുതനാം കുഞ്ഞാടായ്
മന്നിൽ നേർവഴി കാട്ടുന്നു.
നീയാണല്ലോ രക്ഷകനും
രാജാവും പരിപാലകനും
കണ്ണുകളെല്ലാം തിരിയുന്നു
നിത്യം നിന്നുടെ സന്നിധിയിൽ.

ശുശ്രൂ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. കർത്താവായ ദൈവമേ, നിത്യം ജീവിക്കുന്നവനായ അങ്ങേക്കും പരിശുദ്ധനായ അങ്ങയുടെ അഭിഷിക്തനും ജീവദായകനായ ദിവ്യാത്മാവിനും ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ഓശാനപാടുവിൻ നാഥനെ വാഴ്ത്തുവിൻ
ദിവ്യാപദാനങ്ങൾ കീർത്തിക്കുവിൻ
കാഹളമൂതുവിൻ, വീണകൾ മീട്ടുവിൻ
പാവനപാദം നമിച്ചിടുവിൻ. ഓശാന...

പൂക്കൾ വിരിക്കുവിൻ വീഥിയൊരുക്കുവിൻ
വിണ്ടലനാഥനെഴുന്നള്ളുന്നു:
ആനന്ദഗാനങ്ങളെങ്ങും മുഴങ്ങട്ടെ
സൃഷ്ടികൾ നാഥനെ വാഴ്ത്തീടട്ടെ. ഓശാന...



## കുരുത്തോല വെഞ്ചരിപ്പ്

ശുശ്രൂ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. ഞങ്ങളുടെ നാഥനും രക്ഷകനും രാജാധിരാജനുമായ മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ജറുസലെം പട്ടണത്തിലേക്കുള്ള ആഘോഷപൂർവ്വകമായ നിന്റെ പ്രവേശനത്തിന്റെ ഓർമ്മ കൊണ്ടാടുവാൻ ഒരുമിച്ചു കൂടിയിരിക്കുന്ന ഈ സമൂഹത്തെ തൃക്കൺപാർക്കണമേ. സൈത്തിൻകൊമ്പുകൾ പിടിച്ചുകൊണ്ട് നിന്നെ എതിരേറ്റവരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ വലതുകരം നീട്ടി ഈ കുരുത്തോല † ആശീർവദിക്കണമേ. (കാർമ്മികൻ ആശീർവദിക്കുന്നു.) ഞങ്ങളെയും ഈ കുരുത്തോല സ്ഥാപിക്കപ്പെടുന്ന ഭവനങ്ങളെയും സ്ഥലങ്ങളെയും നിന്റെ കൃപാവരംകൊണ്ട് നിറയ്ക്കണമേ. ഓശാന പാടി ഇന്ന് നിന്നെ എതിരേല്ക്കുന്ന ഞങ്ങൾ മഹത്ത്വപൂർണ്ണമായ നിന്റെ പ്രത്യാഗമനത്തിൽ നിന്നെ എതിരേല്ക്കുവാനും, സ്വർഗ്ഗീയ ജെറുസലെമിൽ പ്രവേശിച്ച് ആനന്ദപൂർവ്വം നിന്നെ സ്തുതിക്കുവാനും അർഹരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

കാർമ്മികൻ കുരുത്തോലയിൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. കുരുത്തോല വിതരണം ചെയ്യുമ്പോൾ ഈ ഗീതം ആലപിക്കുന്നു.

ഓശാന, ഓശാന
ദാവീദിൻ സുതനോശാന. ഓശാന....

കർത്താവിൻ പൂജിതനാമത്തിൽ
വന്നവനെ വാഴ്ത്തിപ്പാടിടുവിൻ:
വിണ്ണിൻപൂവേദിയിലോശാന
ദാവീദിൻ സൂനുവിനോശാന. ഓശാന...

ബാലകരും തീർത്ഥകരും
നാഥനു ജയ്ഗാനം പാടുന്നു.
പുതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു. ഓശാന...

ജയ് വിളിയാൽചില്ലകളുണരുന്നു:
പാതകളിൽ തോരണമിളകുന്നു;
ദൈവസുതൻ വിനയവിരാജിതനായ്
അണയുന്നു നഗരകവാടത്തിൽ. ഓശാന...

വിണ്ടലവും ഭൂതലവും
മംഗളഗീതിയിൽ മുഴുകുന്നു:
വാനവരും മാനവരും
നൂതന സന്തോഷം നുകരുന്നു.

വെൺനുരയാലാഴിയലംകൃതമായ്;
നീലിമയാലംബരവീഥികളും;
കാനനവും കാഞ്ചനപൂവനവും
നാഥനു സൗരഭ്യം പകരുന്നു. ഓശാന...

## പ്രദക്ഷിണം

തുടർന്ന്, കുരുത്തോല വഹിച്ചുകൊണ്ട് എല്ലാവരും പ്രദക്ഷിണമായി ദേവാലയത്തിലേക്കു നീങ്ങുന്നു. കുരിശ്, ധൂപം, തിരികൾ സുവിശേഷഗ്രന്ഥം എന്നിവ വഹിക്കുന്നവർ പ്രദക്ഷിണത്തിന്റെ ഏറ്റവും മുമ്പിലും, കാർമ്മികൻ ഏറ്റവും പുറകിലുമായിരിക്കണം. പ്രദക്ഷിണസമയത്ത് താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

1. ഓശാന, ഓശാന
ദാവീദിൻ സുതനോശാന. ഓശാന....
സെഹിയോൻപുത്രീ, മോദം പുണരുക
നിന്നുടെ നാഥനിതാ
പ്രതാപവാനായ് വരുന്നു പൊന്നിൻ
കീർത്തനവീചികളിൽ. ഓശാന....
വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻ ചില്ലകൾ വിതറിയ വഴിയേ
വരുന്നു ദൈവസുതൻ. ഓശാന....
നിരയായ് നീങ്ങും ബാലികമാരുടെ
കീർത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു. ഓശാന....
ഓശാനകളാലാഴിചലിക്കു-
ന്നംബരമുണരുന്നു;
സ്വരവീചികളാലവനീവാസികൾ
പുളകം കൊള്ളുന്നു. ഓശാന....

2. ഓശാന, ഓശാന
ദാവീദിൻ സുതനോശാന. ഓശാന...
കർത്താവിൻ തിരുനാമത്തിൽ
വന്നവനുന്നതനോശാന
ദൈവകുമാരകനോശാന
വാനവവീഥിയിലോശാന. ഓശാന....
സൈത്തിൻ ചില്ലകൾ വിതറുകയായ്
ജയസ്വരവീചികളുയരുകയായ്
ബാലകനിരയുടെ പാണികളിൽ
ചില്ലകൾ താളം തുള്ളുകയായ്. ഓശാന...



വിനയാന്വിതനായ് ദൈവസുതൻ
വരുന്നു നഗരകവാടത്തിൽ
വാനവമാനവവൃന്ദങ്ങൾ
വിണ്ണിൻ നാഥനെ വാഴ്ത്തുകയായ്. ഓശാന...
കീർത്തനവീചികളുയരുകയായ്
പാർത്തലമാർത്തുവിളിക്കുകയായ്
അംബരവീഥികളുണരുകയായ്
അംബുദവീഥികൾ തെളിയുകയായ്. ഓശാന...
രാജാവാഗതനാകുംപോൽ
രക്ഷാനായകനണയുകയായ്
വിണ്ടലനാഥനെഴുന്നള്ളും
വേളയിൽ മോദം നിറയുകയായ്. ഓശാന...
കഴുതക്കുഞ്ഞിൻ പുറമേറി-
ക്കരുണാരൂപൻ വന്നണയും
നിമിഷങ്ങളിലാജനവൃന്ദം
നിർവൃതി ജയ് വിളിയാക്കുകയായ്. ഓശാന...

പ്രദക്ഷിണം ദേവാലയത്തിന്റെ അടഞ്ഞുകിടക്കുന്ന പ്രധാന കവാടത്തിലെത്തുമ്പോൾ കാർമ്മികൻ സ്വരമുയർത്തിപ്പറയുന്നു.

**കാർമ്മി.** വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളേ, തുറക്കുവിൻ;
മഹത്ത്വത്തിന്റെ രാജാവ് എഴുന്നള്ളുന്നു.

പ്രദക്ഷിണം സംവഹിക്കപ്പെടുന്ന കുരിശിന്റെ ചുവടുകൊണ്ട് കാർമ്മികൻ വാതിലിൽ മുട്ടുന്നു.

**അകത്തുള്ളവർ:** ഈ മഹത്ത്വത്തിന്റെ രാജാവ് ആരാകുന്നു? (3)

**പുറത്തുള്ളവർ:** പ്രതാപവാനും ശക്തനുമായ കർത്താവുതന്നെ. (3)

ഇപ്രകാരം മൂന്നുപ്രാവശ്യം പറയുന്നു. മൂന്നാംപ്രാവശ്യം വാതിലിൽ മുട്ടുമ്പോൾ വാതിൽ അകത്തുനിന്നു തുറക്കുന്നു. കാർമ്മികനെയും സഹശുശ്രൂഷകരെയും അനുഗമിച്ച് എല്ലാവരും ദേവാലയത്തിൽ പ്രവേശിക്കുന്നു.

**സമൂ.** മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.
നൂറുനൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെക്കാണാതെ:
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയി കണ്ണീരിൽ. മഹേശ്വരാ...

കാർമ്മികനും ശുശ്രൂഷകരും ബേമ്മായിലെത്തുന്നു. തുടർന്ന് മദ്ബഹാഗീതം ആലപിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ഓനീസാ ദ്കങ്കെ (മദ്ബഹാഗീതം)

(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ...)

**ഗായക I** കുറ്റമറ്റ പാതയിൽ ചരിക്കുന്നവർ അനുഗൃഹീതരാകുന്നു.

മിശിഹായോർശ്ലേം നഗരത്തിൽ
വന്നു കഴുതപ്പുറമേറി
അതുകണ്ടവരാം ബാലകരോ
പുളകപ്പൂക്കളണിഞ്ഞൊരുപോൽ.
ഒലിവിൻ കൊമ്പുകൾ പേറിയിതാ
ബാലകരൊപ്പം ജനനിരകൾ
ഉദ്ഘോഷിച്ചു ശബ്ദത്തിൽ
ദാവീദിൻ സുതനോശാന.
കർത്താവിൻ തിരുനാമത്തിൽ
വരുവോനുന്നതനെന്നാളും
വാഴ്ത്തപ്പെട്ടവനായണയും
ദാവീദിൻ സുതനോശാന.

**ഗായക II :** ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതരാകുന്നു.

മിശിഹായോർശ്ലേം നഗരത്തിൽ....

**ഗായക I :** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഒലിവിൻ കൊമ്പുകൾ വീശുന്നു
തപ്പുകൾ കൊട്ടിപ്പാടുന്നു
ബാലകരൊന്നായ് ദാവീദിൻ
പുത്രനു സ്വാഗതമോതുന്നു.
അവരുടെയാരവമുയരത്തിൽ
മാലാഖമാർ കേൾക്കുന്നു
ഒരുമയൊടവരുദ്ഘോഷിപ്പൂ
"ഉന്നതവീഥിയിലോശാന".



രക്ഷാകരമാം സ്ലീവാതൻ
നിസ്തുലശക്തി വിശേഷത്താൽ
ഞങ്ങൾ ജയിച്ചിടുമനുനിമിഷം
ദുഷ്ടനെ, യവനുടെ കെണികളെയും.

**ഗായക II :** ആദിമുതൽ എന്നേക്കും ആമ്മേൻ.

ഒലിവിൻ കൊമ്പുകൾ വീശുന്നു...

(ധൂപം ആശീർവദിക്കുന്നു)

**കാർമ്മി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ † ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**സമൂ** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**സമൂ.** സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.
മർത്ത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു.
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചനവേദിയിലുള്ളവർ.** കർത്താവേ, അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു; അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.

സർവ്വാധിപനാം കർത്താവേ,...

**സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും, ആമ്മേൻ.
സർവ്വാധിപനാം കർത്താവേ,....

ശുശ്രൂ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

സമൂ. പരിപാവനനാം സർവ്വേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

വചനവേദിയിലുള്ളവർ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവ്വേശാ,...

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.
പരിപാവനനാം സർവ്വേശാ,...

ശുശ്രൂ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## കെറിയാന : ഒന്നാം വായന – ഉത്പത്തി 49:8–12, 22–26

## കെറിയാന : രണ്ടാം വായന – സഖ. 9:9–12

ശുശ്രൂ. ശൂറായ ആലപിക്കുവാൻ നിങ്ങൾ എഴുന്നേൽക്കുവിൻ.

## ശൂറായ (പ്രകീർത്തനം)

കാർമ്മി. സർവ്വചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.
തരുനിരയെല്ലാം ദൈവത്തിൻ
സ്തുതിഗീതങ്ങളുയർത്തട്ടെ



ഓശാനകളാലീസുദിനം
ഹല്ലേലൂയ്യാ പാടുക നാം
വാഴ്ത്തിടാം നിത്യം തിരുനാമം.

ശുശ്രൂ.II തൻമഹിമാവല്ലോ
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ...

ശുശ്രൂ.II ജനതകളവിടുത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ...

കാർമ്മി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ...

ശുശ്രൂ.I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. തരുനിരയെല്ലാം ദൈവത്തിൻ...

ശുശ്രൂ. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ. നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ/എന്നേക്കും.

സമൂ. ആമ്മേൻ.

## എങ്കർത്താ (ലേഖനം) – റോമാ. 11:13–24

(ധൂപം ആശീർവദിക്കുന്നു)

കാർമ്മി. എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടു കൂടെ † കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും

പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

### ഹല്ലേലൂയ്യഗീതം (സുമ്മാറ)

ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യ, ഹല്ലേലൂയ്യ.

എത്രമനോജ്ഞം നിൻ തിരുനാമം
കർത്താവേ ഈ ഭൂമിയിലെങ്ങും.

നിന്റെ മഹത്ത്വം വാനിനുമീതേ
കീർത്തിതമാണെന്നറിവൂ ഞങ്ങൾ.

നിന്നുടെ ചിന്തയിലെത്താൻ മാത്രം
എന്തൊരുമേന്മ മനുഷ്യനിലുള്ളൂ.

താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ. ആമ്മേൻ

ഹല്ലേലൂയ്യ പാടാമൊന്നായ്
ഹല്ലേലൂയ്യ, ഹല്ലേലൂയ്യ.

### ഏവൻഗലിയോൻ – മത്താ. 21:1–17

### ദൈവവചന പ്രഘോഷണം

### കാറോസൂസാ I

**ശുശ്രൂ.** നമുക്കെല്ലാവർക്കും ഭക്തിയോടും സന്തോഷത്തോടുംകൂടെ നിന്ന്, വിനീതനായി ഓർശ്ലേമിൽ പ്രവേശിച്ച മിശിഹായെ ധ്യാനിച്ചുകൊണ്ട്, "ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** സകല ജനപദങ്ങളും മിശിഹായെ രക്ഷകനും നാഥനുമായി അംഗീകരിക്കുവാനും ഏറ്റുപറയുവാനും ഇടയാക്കുന്ന കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** ഭൂമിയിൽ മിശിഹായ്ക്ക് സ്തുതിഗീതങ്ങൾ ആലപിക്കുന്ന ഞങ്ങളെ സ്വർഗത്തിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ അനുഗ്രഹിക്കുന്ന കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.



**ശുശ്രൂ.** മിശിഹായെപ്പോലെ വിനയത്തോടും എളിമയോടുംകൂടെ ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** ഹെബ്രായപൈതങ്ങളുടെ സ്തുതിഗീതങ്ങൾ സ്വീകരിച്ച് അവരെ അനുഗ്രഹിച്ച കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** ഞങ്ങളുടെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റിയ കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമായ മാർ (പേര്) മാർപാപ്പായെയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ (പേര്) മെത്രാപ്പോലീത്തായെയും, ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ മേലധ്യക്ഷനും പിതാവുമായ മാർ (പേര്) മെത്രാപ്പോലീത്തായെയും (മെത്രാനെയും) അവരുടെ സഹ ശുശ്രൂഷികളെയും അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ കർത്താവേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

### കാറോസൂസാ II

**ശുശ്രൂ.** സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്ന് വിനയപൂർവ്വം ഞങ്ങൾ യാചിക്കുന്നു.

**സമൂ.** കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

(തുടർന്നുള്ള കാറോസൂസാകൾക്ക് പേജ് 17 കാണുക)

**ശുശ്രൂ.** നമുക്കെല്ലാവർക്കും/നമ്മെയും നാമോരോരുത്തരെയും/പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ/അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി.** സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവും രാജാവുമായ മിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയുടെ പ്രിയപുത്രന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഭൂമിയിൽ അങ്ങേക്ക് ഓശാനഗീതികൾ ആലപിക്കുന്ന ഞങ്ങളെ അങ്ങയുടെ മഹത്ത്വത്തിൽ പ്രവേശിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

കൈവയ്പുപ്രാർത്ഥനയോടുകൂടി പരി. കുർബാന തുടരുന്നു.

## ഓനീസാ ദ്റാസേ (ദിവ്യരഹസ്യഗീതം)

(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)

കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയമാകുന്നു.

മേഘത്തേരേറി
വന്നവനെപ്പോലെ
ബാലകർ കീർത്തിച്ചു.
ദൈവികഭവനം പൂകിടുവാൻ
അണയുന്നീശോ വിനയമോടെ
ഉന്നതവീഥിയിലോശാന
നിത്യം രക്ഷകനോശാന,
ഉന്നതനാം നാഥൻ സംപൂജ്യൻ.

അവരുടെ നാവുകൾ മൂർച്ചയുള്ള വാളുകൾപോലെയാകുന്നു.

മേഘത്തേരേറി....

കർത്താവിന്റെ നാമം സിയോനിൽ പ്രഘോഷിക്കപ്പെടും.

മേഘത്തേരേറി....

## ഓനീസാ ദ്വേമ്മ (ദിവ്യകാരുണ്യഗീതം)

(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ...)

**സമൂ.** ജനതകളെല്ലാമണയുക വേഗം
ദിവ്യരഹസ്യം കൈക്കൊള്ളാനായ്.

മുന്നിലിതാമുറിവേറ്റ ശരീരം,
ചിന്തിയരക്തവുമുൾക്കൊള്ളാം നാം.

പാപവിമോചനമേകും കനലിതു
ജീവിപ്പിച്ചു മർത്യരെയെല്ലാം.

ഏകസ്വരത്തിൽ വാഴ്ത്തിപ്പാടാം
വാനവരൊപ്പം ഹല്ലേലൂയ്യ.

(അല്ലെങ്കിൽ)

**സമൂ.** നമ്മുടെ മുമ്പിൽ സജ്ജമാക്കപ്പെട്ടിരിക്കുന്ന ഈ ദിവ്യ രഹസ്യങ്ങൾ വിശ്വാസത്തോടും ഭക്തിയോടുംകൂടി നമുക്കു സ്വീകരിക്കാം. നമ്മുടെ രക്ഷയ്ക്കായി മുറിക്കപ്പെട്ട ശരീരവും നമുക്കുവേണ്ടി ചിന്തപ്പെട്ടതും ഉടമ്പടിയുടേതുമായ രക്തവും കൈക്കൊള്ളാം. ഇതാ, പ്രവാചകനെ സ്പർശിക്കുകയും എല്ലാ പാപങ്ങളിൽനിന്നും വിശുദ്ധീകരിക്കുകയും ചെയ്ത ജീവിപ്പിക്കുന്ന തീക്കട്ട. ശ്രദ്ധയോടും വിശുദ്ധിയോടുംകൂടി നമുക്ക് അതിനെ സമീപിക്കാം.



## ഓനീസാ ദ്വാത്തേ (അനുഗീതം)

(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ...)

**ശുശ്രൂ.** ഓശാനകളാൽ ബാലകരെല്ലാം
നാഥനെ വാഴ്ത്തിപ്പാടുകയായി.

ദാവീദിൻ സുതനുന്നതനെന്നും
മാനവരക്ഷകനവിടുന്നല്ലോ.

ദിവ്യശരീരവുമതുപോൽ രക്തവു-
മേകിയ നാഥനു നന്ദി നിതാന്തം.

(അല്ലെങ്കിൽ)

**ശുശ്രൂ.** ഒലിവുശാഖകളേന്തിയ ബാലകർ ഈ ദിവസം മിശിഹായെ എതിരേറ്റു. ഓശാനഗീതികളാൽ അവർ അവനെ മഹത്ത്വപ്പെടുത്തി. അവനെ അയച്ച പിതാവിന് അവർ സ്തുതികൾ ആലപിച്ചു. ദാവീദിന്റെ ഭവനത്തിൽനിന്ന് കൃപാപൂർവ്വം വന്നവനും ഞങ്ങളുടെ വംശത്തെ രക്ഷിച്ചവനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. സഹോദരരേ, തിരുശരീരരക്തങ്ങൾ സ്വീകരിച്ച് അവിടുത്തെ തിരുനാമത്തിന് നിങ്ങൾ നന്ദി പറയുവിൻ.

## കൃതജ്ഞതാപ്രാർത്ഥനകൾ

**കാർമ്മി.** കർത്താവായ ദൈവമേ, മിശിഹായുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ഈ പരിഹാരബലിയിൽ പങ്കുചേരുവാനും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുവാനും ഇടയാക്കിയതിന് ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതസമർപ്പണംവഴി നിന്നെ മഹത്ത്വപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവിനും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ ആശീർവദിക്കണമേ.

**കാർമ്മി.** ഓശാനഗീതങ്ങളുടെ മധ്യേ ജറുസലെമിൽ പ്രവേശിച്ച കർത്താവേ, ഓശാനപാടി നിന്നെ സ്തുതിക്കുവാൻ ഞങ്ങളെയും യോഗ്യരാക്കിയതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേർന്നവരായ ഞങ്ങൾ സ്വർഗീയ ജെറുസലെമിൽ എത്തിച്ചേരുവാനും അവിരാമം നിന്നെ മഹത്ത്വപ്പെടുത്തുവാനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമ്മി.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .........

## ഹൂത്താമ്മ (സമാപനാശീർവാദം)

(രീതി: കർത്താവാം മിശിഹാവഴിയായ്....)

**കാർമ്മി.** നരരക്ഷകനും നാഥനുമായ്
ധരയിലണഞ്ഞൊരു മിശിഹായെ
നല്കിയ താതനു വന്ദനവും
സ്തുതിയുമണയ്ക്കാം സാമോദം.

എളിയൊരു കഴുതപ്പുറമേറി
വന്നൊരു രാജനെ വന്ദിക്കാൻ
ഓശാനകളാൽ വാഴ്ത്തിടുവാൻ
ഇടയാക്കണമേ റൂഹായേ.

പീഡ സഹിക്കാൻ, കുരിശേറാൻ
ഓർശ്ലേം പൂകിയ തിരുനാഥൻ
ത്യാഗമോടെന്നും ജീവിക്കാൻ
നിത്യമനുഗ്രഹമരുളട്ടെ.

മന്നിതിൽ നിങ്ങൾ സ്തുതിപാടി
വിണ്ണിലുമവനെ വാഴ്ത്തിടുവാൻ
ദൈവം വരനിരചൊരിയട്ടെ
ഇപ്പോഴുമെപ്പോഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമ്മി.** രക്ഷകനും നാഥനുമായി തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. കഴുതപ്പുറത്ത് എഴുന്നള്ളി വിനയത്തിന്റെ മാതൃക നല്കിയ മിശിഹായെ നമുക്ക് ആരാധിക്കാം. കർത്താവിന്റെ സ്തുതികൾ ആലപിക്കുവാൻ നമ്മെ ശക്തരാക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്ത്വപ്പെടുത്താം. പീഡകൾ സഹിക്കുവാനും കുരിശിൽ മരിക്കുവാനും ജറുസലേമിൽ പ്രവേശിച്ച കർത്താവ്, ത്യാഗങ്ങൾ സഹിച്ച് ദൈവഹിതം നിറവേറ്റുവാൻ നമ്മെ ശക്തരാക്കട്ടെ. സകലരും മിശിഹായെ രക്ഷകനും രാജാവുമായി ഏറ്റുപറയുവാൻ ഇടയാകട്ടെ. ദൈവത്തിന്റെ ജനമേ, ഭൂമിയിൽ അവിടുത്തേക്ക് ഓശാനപാടി സ്തുതിക്കുന്ന നിങ്ങൾ സ്വർഗത്തിൽ അനവരതം അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ യോഗ്യരാകട്ടെ. ഇപ്പോഴും † എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

